# പൗരാവകാശരേഖ

## മ്യൂസിയം മൃഗശാലാ വകുപ്പ്

മൃഗശാല വിദ്യാഭ്യാസപരിപാടികളിലൂടെ സാമാന്യ ജനങ്ങളിൽ പ്രത്യേകിച്ചും യുവതലമുറയിലുള്ളവർക്ക് വന്യജീവി സംരക്ഷണത്തെക്കുറിച്ച് അവബോധം നൽകുന്നു.

മൃഗശാല വന്യജീവികളെ ഉപയോഗിച്ച് മൃഗങ്ങളുടെ ആഹാരക്രമം, ശാരീരിക പ്രവർത്തനങ്ങൾ, വംശവർദ്ധനവ്, സ്വഭാവവിശേഷങ്ങൾ എന്നീ ശാസ്ത്ര ശാഖകളിൽ വന്യജീവി ഗവേഷണത്തിനു സാദ്ധ്യതകൾ നൽകുന്നതോടൊപ്പം ഫലവത്തായ വന്യജീവി സംരക്ഷണത്തിനും പരിപാലനത്തിനും ആവശ്യമായ പരിപാലനതന്ത്രങ്ങൾ എന്ന ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

മൃഗങ്ങളുടെ സ്വാഭാവിക പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള പരിബന്ധനങ്ങളിലൂടെ സന്ദർശകരെ കൂടുതൽ അവയിലേക്ക് അടുപ്പിക്കുന്നു. ക്രിയാത്മകമായ വിദ്യാഭ്യാസ സാമഗ്രികൾ സന്ദർശകർക്ക് കൂടുതൽ പ്രചോദനം ഉൾക്കൊള്ളാൻ ഉതകുന്നവയാണ്.

## മ്യൂസിയങ്ങളും ഗ്യാലറികളും.

**ശില്പകലാമ്യൂസിയം (നേപ്പിയർ മ്യൂസിയം) തിരുവനന്തപുരം**

1855ൽ തിരുവിതാംകൂർ മഹാരാജാവ് സ്ഥാപിച്ച ഈ മ്യൂസിയം ഇന്ത്യയിലെതന്നെ ഏറ്റവും ആദ്യത്തെ മ്യൂസിയങ്ങളിൽ ഒന്നാണ്. കൽക്കട്ടയിലെ ഇന്ത്യൻ മ്യൂസിയം, മദ്രാസ് സർക്കാർ മ്യൂസിയം എന്നിങ്ങനെ ചുരുക്കം ചില മ്യൂസിയങ്ങളാണ് ഇതിനോടൊപ്പം നിൽക്കുന്നവയായിട്ടുള്ളത്. 1874ൽ പഴയ മ്യൂസിയം കെട്ടിടം പൊളിച്ചുമാറ്റി അവിടെ മദ്രാസ് റസിഡൻസിയുടെ ഗവർണയായ നേപ്പിയർ പ്രഭുവിന്റെ നാമധേയത്തിൽ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തുകയുണ്ടായി.

ശില്പകലയുടെ രൂപകല്പന നടത്തിയത് മദ്രാസ് സർക്കാരിന്റെ ചിത്രകലാ ഉപദേഷ്ടാവായ മിസ്റ്റർ. ചിഷോം ആയിരിന്നു. 1880ൽ ഇതിന്റെ നിർമ്മാണം പൂർത്തിയായി. 128 വർഷം പഴക്കമുള്ള ഈ കെട്ടിടം എടുത്തുപറയത്തക്ക പ്രത്യേകതകളോടും ശില്പകലാ വൈവിദ്ധ്യമുള്ള മേൽക്കൂര, മിനാരങ്ങൾ എന്നിവയോടും കൂടി ഈ നഗരമദ്ധ്യത്തിൽ വിരാജിക്കുന്നു. ഈ മ്യൂസിയത്തിലെ പ്രദർശന വസ്തുക്കൾ ശില്പകലാ, സംസ്കാരം, പുരാവസ്തു എന്നിവയുടെ പ്രാധാന്യം ഉൾക്കൊള്ളുന്നതും വെങ്കലത്തിലും ശിലയിലുമുള്ളതുമായ രൂപങ്ങൾ, മരത്തിലും ആനക്കൊമ്പിലുമുള്ള കൊത്തുപണികൾ, വിളക്കുകൾ, പരമ്പരാഗത സംഗീത ഉപകരണങ്ങൾ, തെക്കേ ഇന്ത്യയിലുണ്ടായിരുന്ന ചേര, ചോള, പാണ്ഡ്യ സാമ്രാജ്യങ്ങളിൽ നിലനിന്നിരുന്ന നാണയങ്ങളുടെ വിപുലമായ ശേഖരം എന്നിവ ഉൾപ്പെടുന്നു.

ശില്പശാസ്ത്രത്തിലെ ശിവൻ, വിഷ്ണു, പാർവ്വതി, ലക്ഷമി തുടങ്ങിയ അതിശയിപ്പിക്കുന്ന ശില്പങ്ങൾ അടങ്ങിയതാണ് വെങ്കലവിഭാഗത്തിലെ പ്രദർശന വസ്തുക്കൾ തെക്കേ ഇന്ത്യയിലെ 8-ാം നൂറ്റാണ്ടിലെ പല്ലവ ശൈലിയിലുള്ള വിഷ്ണു വിഗ്രഹം കേരളത്തിലെ ഏറ്റവും പഴക്കമേറിയ ലോഹവിഗ്രഹമാണ്. 8 മുതൽ 18-ാം നൂറ്റാണ്ടുവരെയുള്ള ശിലാ വിഗ്രഹങ്ങളായ വിഷ്ണു, അഗസ്ത്യൻ എന്നിവയിൽ ദ്രാവിഡസംസ്കാരത്തിന്റെ സ്വാധീനം കാണാം. മ്യൂസിയത്തിലെ വളരെ അപൂർവ്വമായ ഒരു പ്രദർശന വിഗ്രഹമാണ് ശിവനും സതിയും ഈ മ്യൂസിയത്തിലെ ഓരോ പ്രദർശന വസ്തുവിലും അത്ഭുതവും രസകരവുമായ കഥകൾ ഒളിഞ്ഞിരിയ്ക്കുന്നു.

## ശ്രീചിത്രാ ആർട്ട് ഗ്യാലറി

1935ൽ സ്ഥാപിതമായ ഈ ഗ്യാലറിയിൽ ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ നൂറ്റാണ്ടുപഴക്കമുള്ള പെയിന്റിംഗുകൾ പ്രദർശിപ്പിച്ചരിക്കുന്നത് ഗ്യാലറിയുടെ ഏറ്റവും നല്ല ആകർഷണമാണ്. പ്രദർശനങ്ങളിൽ ഏറ്റവും അധികവുമുള്ളത് ബംഗാൾ സ്കൂൾ ഓഫ് ആർട്ട്സിന്റെ ചിത്രകലാ വൈദഗ്ധ്യമാണ്. കൂടാതെ രാജ്യത്തിനകത്തും പുറത്തുമുള്ള സമകാലീന ചിത്രകാരന്മാരുടെ ചിത്രങ്ങളുമുണ്ട്.

ഗ്യാലറിയെ കൂടുതൽ സമ്പന്നവും പൂർണ്ണതയിലെത്തിക്കുന്നതിനുമായി പ്രശസ്തമായ റോറിക്ക് പെയിന്റിംഗുകൾ ലോകത്തിലെ വിവിധഭാഗങ്ങളിൽ നിന്നുമുള്ള ചിത്രങ്ങൾ, കേരളത്തിന്റെ തനതായ ചുമർചിത്രങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ലോകപ്രശസ്തമായ ചിത്രകാരന്മാരുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള യഥാർത്ഥ പെയിന്റിംഗുകൾ പ്രദർശിപ്പിച്ചിരിക്കുന്നത് കാണുന്ന ഏതൊരാളെയും അത് അതിശയിപ്പിക്കുകതന്നെ ചെയ്യും ഗ്യാലറിയിലെ മറ്റൊരു രസകരമായ ആകർഷണം 400 വർഷം പഴക്കമുള്ള തഞ്ചാവൂർ ചിത്രകലാ രൂപങ്ങളാണ്.

## നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം

1964ൽ സ്ഥാപിക്കപ്പെട്ട ഈ മ്യൂസിയത്തിൽ രാജ്യത്തിന്റെ ഇതര മ്യൂസിയങ്ങളിലുള്ളതിനേക്കാൾ ജീവശാസ്ത്രശേഖരങ്ങളുണ്ട്. പുരാതനകാലത്തെ മൂന്നു വിവിധ വിഭാഗങ്ങളുടെ വിവരണം ഇവിടെ നല്ല രീതിയിൽ ചെയ്തിട്ടുണ്ട്. പഴയകാലജീവികളുടെ മാതൃകകൾ നിർമിക്കുകവഴി ഇക്കാലത്ത് മൃഗശാലയിൽ വന്യജീവി സംരക്ഷണം നടത്തുന്നതിന്റെ പ്രാധാന്യം വെളിവാക്കുന്നു.

ജന്തുവിഭാഗത്തിലെ ചെറിയ ഉറുമ്പ്, ചിതലുകൾ എന്നിവ മുതൽ ഏറ്റവും വലിയ നീല തിമിംഗലം വരെയുള്ളവയുടെ വിവരണങ്ങളും വസ്തുതകളും പ്രദർശനവസ്തുക്കൾ പ്രതിപാദിക്കുന്നു. ജന്തുശാസ്ത്രത്തിലേയും മറ്റു ജീവശാസ്ത്രമേഖലകളിലേയും വിദ്യാർത്ഥികൾക്ക് ഇത് ഒരു വിപുലമായ ജന്തുലോക ശേഖരം തന്നെയാണ് മാത്രമല്ല പക്ഷി ശാസ്ത്രപഠനത്തിനും ഗവേഷണങ്ങൾക്കും സാദ്ധ്യതയേകുന്നവയുമാണ്. സ്വാഭാവിക പരിസ്ഥിതി ഉൾക്കൊള്ളിച്ചുകൊണ്ട് മൃഗങ്ങളെ പ്രദർശിപ്പിച്ചിട്ടുള്ളത് സാമാന്യ ജനങ്ങളിൽ കൂടുതൽ താൽപര്യവും അതിശയവും ജനിപ്പിക്കുന്നവയാണ്.

## കെ.സി.എസ്. പണിക്കർ ഗ്യാലറി

ഈ ഗ്യാലറി 1979 മേയ് 31നു മ്യൂസിയം ഓഫീസിലെ പ്രത്യേകം തയ്യാറാക്കിയ ആഡിറ്റോറിയം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. അന്തരിച്ച ശ്രീ. കെ.സി.എസ്. പണിക്കരുടെ പെയിന്റിംഗുകളും ശില്പങ്ങളുമാണ് ഇതിലുള്ളത് ഈ പ്രദർശനവസ്തുക്കൾ

സന്ദർശകരുടെ മനസ്സിലെ ആകാംക്ഷ വർദ്ധിപ്പിക്കുകയും വിവിധ വ്യാഖ്യാനതലങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. ഈ അത്ഭുതകരമായ പ്രദർശനവസ്തുക്കളെകണ്ട് സംവേദിക്കാതിരിക്കാൻ ഒരു യഥാർത്ഥ കലാപ്രേമി ഒരിക്കലും ശ്രമിക്കാറില്ല.

## ശ്രീചിത്രാ എൻക്ലേവ്

ശ്രീചിത്രാ എൻക്ലേവ് തിരുവിതാംകൂറിലെ അവസാന മഹാരാജാവായ ശ്രീ. ചിത്തിര തിരുനാൾ ബാലരാമവർമ്മ (1912 - 1991) യുടെ ഓർമ്മയ്ക്കായി 1993ൽ ആരംഭിച്ചത്. പുനർ നവീകരിച്ച് 2007 ജൂലൈ 4നു പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. മഹാരാജാവും അമ്മ മഹാറാണിയും ഉപയോഗിച്ചിരുന്ന രഥത്തിനുപുറമെ കേരളത്തിലെ അറിയപ്പെടുന്ന ചുമർചിത്രകാരന്മാരുടെ 14 ചുമർ ചിത്രങ്ങളും പ്രദർശിപ്പിച്ചിരിക്കുന്നു. ഇവ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ പരിണാമവും ഭൂമിശാസ്ത്രവും സാമൂഹ്യ സാംസ്കാരിക ചരിത്രവും ഉയർത്തിക്കാട്ടുന്നു.

## സസ്യശാസ്ത്രത്തോട്ടം

മ്യൂസിയങ്ങളുടേയും മൃഗശാലയുടേയും പരിസരം ഉൾപ്പെടുന്നതാണ് സസ്യശാസ്ത്രതോട്ടം. 1990ൽ ലണ്ടനിലെ ക്യൂ ഗാർഡനിൽ പരിശീലനം സിദ്ധിച്ച പ്രസിദ്ധനായ മി. ഇങ്കിൾബി എന്ന ബ്രിട്ടീഷുകാരനാണ് യഥാർത്ഥത്തിൽ സസ്യശാസ്ത്രതോട്ടം നിർമ്മിച്ചത്. ഈ തോട്ടത്തിൽ 200ൽപ്പരം ജാതി വൃക്ഷങ്ങൾ ആയിരക്കണക്കിനു അലങ്കാരസസ്യങ്ങൾ, ഓർക്കിഡുകൾ, ആന്തൂറിയങ്ങൾ മുതലായവ ഉൾപ്പെടുന്നു. സസ്യങ്ങളെക്കുറിച്ചുള്ള വിവിധ പഠനങ്ങൾ നടത്തുന്ന വിദ്യാർത്ഥികൾക്ക് ഇത് വളരെ ഫലവത്തായ സൗകര്യംഒരുക്കുന്നു. അലങ്കാരസസ്യങ്ങൾ വികസിപ്പിച്ചെടുത്ത് ആവശ്യക്കാരായ ജനങ്ങൾക്കു മിതമായ നിരക്കിൽ ഇവിടെ വില്പനയും നടത്തുന്നു.

# തിരുവനന്തപുരം മൃഗശാല

പ്രസിദ്ധമായ നേപ്പിയർ മ്യൂസിയത്തിന്റെ ഉത്ഘാടന ശേഷം 1857ൽ സ്ഥാപിതമായി. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിനോദസഞ്ചാര കേന്ദ്രമാണിത്. തിരുവനന്തപുരം നഗരഹൃദയത്തിൽ 50 ഏക്കർ വിസ്തൃതിയിൽ നല്ല പച്ചപ്പുള്ള പ്രദേശത്ത് വ്യാപിച്ചുകിടക്കുന്ന മൃഗശാല സമാനതകളില്ലാതെ മനസ്സിനു കുളിർമയേകുന്ന ദൃശ്യവിരുന്നൊരുക്കിവിവിധങ്ങളായ പക്ഷിമൃഗാദികളുടെ സഞ്ചയത്തോടുകൂടി സന്ദർശകർക്കു പുതിയ ഒരു അനുഭവം പ്രദാനം ചെയ്യുന്നു. മൃഗശാലയിൽ ഇൻഡ്യൻ വംശജരും വിദേശവംശജരുമായ ഏകദേശം 75 വിവിധ ജാതി പക്ഷിമൃഗാദികളുണ്ട്. സ്വദേശികളും വംശനാശഭീഷണി നേരിടുന്നതുമായ സിംഹവാലൻ കുരങ്ങ്, കരിംകുരങ്ങ് വരയാട്, ഇന്ത്യൻ കാണ്ടാമൃഗം ഏഷ്യൻ സിംഹം മണിപ്പൂരിമാൻ, ബംഗാൾ കടുവ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ആഫ്രിക്കൻ പ്രദേശത്തുള്ള ജിറാഫ്, നീർക്കുതിര, വരയൻകുതിര, കാട്ടുപോത്ത് എന്നിവയും ഇവിടെ അതിഥികളായിപാർക്കുന്നു. മൃഗശാലയിൽ നടന്നുകൊണ്ടിരിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ ഇതൊരു നവയുഗപ്പിറവിയുടെ നാന്ദിയാകുന്നു. അങ്ങനെ തുറന്ന പരബന്ധനങ്ങളിൽ വിരാജിക്കുന്ന മൃഗങ്ങളുടെ സല്ലാപം ഒരു യാഥാർത്ഥ്യമാകുന്നു.

# തിരുവനന്തപുരം മൃഗശാലയിലെ വിദ്യാഭ്യാസ ബോധവർക്കരണ പദ്ധതികൾ

സാമാന്യ ജനങ്ങൾക്ക് പ്രകൃതിയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉന്നതസ്ഥാപനമായി മൃഗശാല പ്രവർത്തിക്കുന്നു. ഈ വകുപ്പിലെ വിദ്യാഭ്യാസ വിഭാഗത്തിന്റെ കഴിവുറ്റ പ്രവർത്തനത്തിലൂടെ ഈ വിദ്യാഭ്യാസയജ്ഞം നന്നായികൈകാര്യം ചെയ്തിടുന്നു. മൃഗശാലയും മ്യൂസിയവും നല്കുന്ന ഈ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ മുഴുവൻ നേട്ടവും കൊയ്യുന്നത് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ്. വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന പ്രസ്തുത വിഭാഗം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വന്യജീവിസംരക്ഷണത്തിൽ താല്പര്യമുള്ള മറ്റുള്ളവർക്കും നല്ല രീതിയിലുള്ള വിദ്യാഭ്യാസം നൽകുന്നു. നമ്മുടെ മൃഗശാലാബോധവൽക്കരണത്തിന്റെ പ്രധാന വസ്തുത വനത്തിനുള്ളിലും പുറത്തുമുള്ള വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യമാണ്.

## വന്യജീവി സംരക്ഷണ വിദ്യാഭ്യാസ ക്ലാസ്സുകൾ

സ്കൂൾ, കോളെജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ക്രമമായി പഠനക്ലാസ്സുകൾ നടത്തിവരുന്നു. ലക്ഷ്യവിഭാഗങ്ങൾക്ക് അരദിവസത്തെ ക്ലാസ്സും തുടർന്ന് മൃഗശാലാ സന്ദർശനവും നൽകിവരുന്നു. വന്യജീവിയും അതിന്റെ പ്രാധാന്യവും, പ്രകൃതിയും വന്യജീവി സംരക്ഷണവും തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും ഉൾക്കൊള്ളിക്കുന്നത്. ഇതോടൊപ്പം ഫിലിം പ്രദർശനവും സ്ലൈഡ്ഷോയും നടത്തിവരുന്നു. ഏതെങ്കിലും സ്കൂളുകൾക്കോ കോളെജുകൾക്കോ ഇവിടത്തെ ക്ലാസ്സുകൾ ആവശ്യമായാൽ അവർക്ക് വിദ്യാഭ്യാസ വിഭാഗത്തിലെ ആഫീസറെ ബന്ധപ്പെടാവുന്നതാണ്.

മറ്റു വിദ്യാഭ്യാസ പ്രവർത്തനങ്ങൾ : വന്യജീവിവാരം, ലോകപരിസ്ഥിതി ദിനം, മൃഗക്ഷേമ പക്ഷാചരണം തുടങ്ങിയവ എല്ലാവർഷവും വിവിധ പരിപാടികളോടെ ആഘോഷിച്ചുവരുന്നു. ഇതോടനുബന്ധിച്ച് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, പ്രസംഗം, ഉപന്യാസം, രചന, പെയിന്റിംഗ് എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. സമാപന സമ്മേളനത്തിൽ വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തുവരുന്നു. പ്രകൃതിയെക്കുറിച്ചുള്ള അവബോധ ക്യാമ്പുകൾ, ചർച്ചകൾ എന്നിവയും വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നുണ്ട്.

## മ്യൂസിയം മൃഗശാലാവകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

മ്യൂസിയം മൃഗശാലാവകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ വില്ക്കപ്പെടുന്നവയിൽ രാജാ രവിവർമ്മ പെയിന്റിംഗുകളുടെ പോസ്റ്ററുകൾ, കാറ്റലോഗുകൾ പെയിന്റിംഗ്, പക്ഷിമൃഗാദികൾ എന്നിവയുടെ ചിത്രങ്ങളടങ്ങിയ കാർഡുകൾ എന്നിവ ഉൾപ്പെടുന്നു. ടിക്കറ്റ് കൗണ്ടറിനടുത്തുള്ള വില്പനകൗണ്ടറിലൂടെയാണ് ഇവ വിൽക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മിതമായ നിരക്കിലാണ് പ്രസിദ്ധീകരണങ്ങൾ നല്കുന്നത്.

## തിരുവനന്തപുരം മ്യൂസിയം ആഡിറ്റോറിയം വാടകയ്ക്കു നൽകൽ

പൂർണ്ണമായും നവീകരിച്ച ആഡിറ്റോറിയം കലാകാരന്മാർ, സംസ്കാരിക സംഘടനകൾ എന്നിവർക്ക് പെയിന്റിംഗുകൾ പ്രദർശിപ്പിക്കുന്നതിനും തെരെഞ്ഞെടുത്ത സാംസ്കാരിക പരിപാടികൾക്കു് വാടകയ്ക്കും നൽകിവരുന്നു. ആഡിറ്റോറിയം മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.

## ആസ്ഥാനവും എത്തിച്ചേരാനുള്ള വഴിയും

തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തായി മ്യൂസിയം മൃഗശാലാ വകുപ്പ് സ്ഥിതിചെയ്യുന്നു.

- തംപാനൂർ ബസ്സ്റ്റാന്റിൽനിന്ന് 3 കി.മീ.
- തിരുവനന്തപുരം സെൻട്രൽറെയിൽവേസ്റ്റേഷനിൽനിന്ന് 3 കി.മീ.
- എയർപോർട്ടിൽനിന്ന് 9 കി.മീ.
- യഥേഷ്ടം ബസ്, ഓട്ടോറിക്ഷാ, ടാക്സി ഇവകൾലഭ്യമാണ്.

## മ്യൂസിയം പ്രവേശന സമയം

രാവിലെ 10 മണി മുതൽ വൈകിട്ട് 4:45 വരെ

ബുധനാഴ്ചദിവസചങ്ങളിൽ ഉച്ചയ്ക്ക് 1 മണിമുതൽ വൈകിട്ട് 4:45 വരെ
തിങ്കളാഴ്ച അവധി ദിവസം

## മറ്റ് അവധി ദിവസങ്ങള

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, തിരുവോണം, മഹാനവമി

## പ്രവേശന നിരക്ക്

### ശ്രീചിത്രാ ആർട്ട് ഗ്യാലറി - കെ.സി.എസ് പണിക്കർ ഗ്യാലറി

| | |
|---|---|
| 12 വയസ്സിന് മുകളിൽ | 10 രൂപ |
| 5 വയസ്സിനും 12 വയസ്സിനും മദ്ധ്യേ | 4 രൂപ |
| ഫാമിലി - അച്ഛൻ, അമ്മ, 2 കുട്ടികൾ | 20 രൂപ |
| വിദ്യാർത്ഥികൾ | |
| 35 വിദ്യാർത്ഥികളും, 2 അദ്ധ്യാപകരും | 150 രൂപ |

നേപ്പിയർ മ്യൂസിയം (ആർട്ട് മ്യൂസിയം) ശ്രീചിത്രാ എൻക്ലേവ് പ്രവേശ

| | |
|---|---|
| 12 വയസ്സിന് മുകളിൽ | 5 രൂപ |
| 5 വയസ്സിനും 12 വയസ്സിനും മദ്ധ്യേ | 2 രൂപ |
| ഫാമിലി - അച്ഛൻ, അമ്മ, 2 കുട്ടികൾ വിദ്യാർത്ഥികൾ | 10 രൂപ |
| 35 വിദ്യാർത്ഥികളും, 2 അദ്ധ്യാപകരും | 50 രൂപ |

നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം

| | |
|---|---|
| 12 വയസ്സിന് മുകളിൽ | 5 രൂപ |
| 5 വയസ്സിനും 12 വയസ്സിനും മദ്ധ്യേ | 2 രൂപ |
| ഫാമിലി - അച്ഛൻ, അമ്മ, 2 കുട്ടികൾ വിദ്യാർത്ഥികൾ | 10 രൂപ |
| 35 വിദ്യാർത്ഥികളും, 2 അദ്ധ്യാപകരും | 50 രൂപ |

## മൃഗശാല

പ്രവേശന സമയം - രാവിലെ 9 മണിമുതൽ വൈകിട്ട് 5:15 വരെ തിങ്കളാഴ്ച അവധിദിവസം

| | |
|---|---|
| 12 വയസ്സിന് മുകളിൽ | 10 രൂപ |
| 5 വയസ്സിനും 12 വയസ്സിനും മദ്ധ്യേ | 5 രൂപ |
| ഫാമിലി - അച്ഛൻ, അമ്മ, 2 കുട്ടികൾ വിദ്യാർത്ഥികൾ | 25 രൂപ |
| 35 വിദ്യാർത്ഥികളും, 2 അദ്ധ്യാപകരും | 130 രൂപ |
| കാർപാർക്കിംഗ് | 100 രൂപ |
| ക്യാമറ | 25 രൂപ |
| വീഡിയോക്യാമറ ചെറുത് | 75 രൂപ |

## മ്യൂസിയം ആഡിറ്റോറിയം വാടകയ്ക്ക് നൽകുന്നതിന്റെ (പ്രതിദിന) നിരക്കുകൾ

1. സൊസൈറ്റികൾ ടിക്കറ്റ്മൂലമോ പാസ് മൂലമോ നടത്തുന്ന വിനോദപരിപാടികൾ - 1000 രൂപ
2. സൊസൈറ്റികൾ ടിക്കറ്റില്ലാതെ നടത്തുന്ന വിനോദപരിപാടികൾ - 800 രൂപ
3. കോൺഫറൻസ്/സെമിനാർ (6 മണിക്കൂർ) 600 രൂപ
4. ഫിലിംഷോ (ടിക്കറ്റ് മൂലമോ പാസ് മൂലമോനടത്തുന്നത്) 1250 രൂപ
5. സൊസൈറ്റികൾ ടിക്കറ്റില്ലാതെ വകുപ്പിന്റെ പ്രോജക്ടർ ഉപയോഗിച്ച് നടത്തുന്നഫിലിംഷോ 1000 രൂപ
6. ടിക്കറ്റില്ലാതെ നടത്തുന്ന ഫിലിം ഷോ (LCD - VCD - DVD) 850 രൂപ
7. കലാ-ശാസ്ത്ര പ്രദർശനങ്ങൾ (10 മണിമുതൽ 7 മണവരെ 1 ദിവസം) 400 രൂപ
8. മൈക്കിന്റെ വാടക 200 രൂപ
9. മൈക്കിന്റെ പ്രവർത്തന ഫീസ 75 രൂപ
10. ഡെപ്പോസിറ്റ് 750 രൂപ

## മ്യൂസിയം മൃഗശാലാ പ്രസിദ്ധീകരണങ്ങളുടെ വിലവിരം

1. രാജാ രവിവർമ്മയുടെ ചിത്രങ്ങളുടെപോസ്റ്റർ - വലിയസൈസ് 150 രൂപ
2. രാജാ രവിവർമ്മയുടെ ചിത്രങ്ങളുടെപോസ്റ്റർ - ചെറിയസൈസ് 100 രൂപ
3. കാറ്റലോഗ് ഓഫ് സെലക്ടഡ് ബ്രോൺസ്, വുഡ്കാർവിംഗ്സ് അന്റ് സ്റ്റോൺ സ്കൾപ്ച്ചർ 75 രൂപ
4. രാജാരവിവർമ്മയുടെ ബുക്ക്ലറ്റ് 25 രൂപ
5. നമ്മുടെ മ്യൂസിയം 15 രൂപ
6. തിരഞ്ഞെടുത്ത ചിത്രങ്ങളുടേയും ശില്പങ്ങളുടേയും പോസ്റ്റ്കാർഡ് വലിപ്പത്തിലുള്ള പ്രൻന്റ് 10 രൂപ
7. വന്യമൃഗങ്ങളുടെ പിക്ചർ കാർഡ് 5 രൂപ
8. വന്യമൃഗങ്ങളുടെ പടമുള്ള സ്റ്റിക്കറുകൾ (ഒരു ഷീറ്റ്)15 രൂപ

## സംസ്ഥാന മ്യൂസിയവും മൃഗശാലയും തൃശ്ശൂർ

1885ൽ പ്രവർത്തനം ആരംഭിച്ച തൃശ്ശൂർ പട്ടണത്തിന്റെ ഹൃദയഭാഗത്തായി ഏകദേശം 14 ഏക്കറിൽ വ്യാപിച്ചുകിടക്കുന്നു. ഇവിടെ മൃഗശാല, സസ്യശാസ്ത്രതോട്ടം, ശില്പകലാ മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം എന്നിവ സ്ഥിതിചെയ്യുന്നു. മൃഗശാലയിൽ ഏകദേശം 46 ജാതികളിലായി 315 പക്ഷിമൃഗാദികളുണ്ട്. ശില്പകലാ മ്യൂസിയത്തിൽ പുരാവസ്തുക്കൾ, ഓട്ടുപാത്രങ്ങൾ വിളക്കുകൾ തുടങ്ങിയവയുടെ അപൂർവ്വശേഖരങ്ങളും. നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ പ്രകൃതിയുടേയും അതിന്റെ ചരിത്ര പശ്ചാത്തലങ്ങളുടേയും വിപുലമായ ശേഖരങ്ങളുമാണുള്ളത്.

## സ്റ്റേറ്റ് മ്യൂസിയം മൃഗശാല തൃശ്ശൂർ

ആസ്ഥാനവും എത്തിച്ചേരാനുള്ള വഴിയും

- റെയിൽവേസ്റ്റേഷൻ, ബസ് സ്റ്റാന്റിൽനിന്നും 2 കി.മീ. അകലെ ചെമ്പൂക്കാവ് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു.
- ഏറ്റവും അടുത്ത എയർപോർട്ട് - കൊച്ചി (50 കി.മീ)
- യഥേഷ്ടം ബസ്, ടാക്സി, ഓട്ടോ റിക്ഷാ ഇവകൾ ലഭ്യമാണ്.

പ്രവേശന സമയം - രാവിലെ 9 മണിമുതൽ വൈകിട്ട് 5:15 വരെ തിങ്കളാഴ്ച അവധിദിവസം

| | |
|---|---|
| 12 വയസ്സിന് മുകളിൽ | 8 രൂപ |
| 5 വയസ്സിനും 12 വയസ്സിനും മദ്ധ്യേ | 5 രൂപ |
| ഫാമിലി - അച്ഛൻ, അമ്മ, 2 കുട്ടികൾ | 22 രൂപ |
| വിദ്യാർത്ഥികൾ | |
| 35 വിദ്യാർത്ഥികളും, 2 അദ്ധ്യാപകരും | 100 രൂപ |
| കാർപാർക്കിംഗ് | 100 രൂപ |
| ക്യാമറ | 15 രൂപ |
| വീഡിയോക്യാമറ ചെറുത് | 50 രൂപ |
| ഫീച്ചർ ഫിലിം | 15000 രൂപ |
| വീഡിയോ ക്യാമറ (ബീറ്റാകേം) | 750 |
| ടെലിഫിലിം വീഡിയോ | 3250 രൂപ |

# കൃഷ്ണമേനോൻ മ്യൂസിയവും ആർട്ട് ഗ്യാലറിയും, കോഴിക്കോട്.

1975ൽ പ്രവർത്തനം തുടങ്ങി. കോഴിക്കോട് പട്ടണത്തിൽ നിന്നു 4 - 5 കിലോമീറ്റർ ദൂരത്തിൽ ഈസ്റ്റ്ഹില്ലിൽ സ്ഥിതിചെയ്യുന്നു. ഇവിടെ ഇന്ത്യയുടെ മുൻ പ്രതിരോധ മന്ത്രിയായിരുന്ന ശ്രീ. വി.കെ. കൃഷ്ണമേനോന്റെ വ്യക്തിപരമായ ശേഖരങ്ങൾ, രാജാരവിവർമ്മയുടെ പെയിന്റിംഗുകൾ, ചുമർ ചിത്രങ്ങൾ, ആധുനിക പെയിന്റിംഗുകളുടെ ശേഖരങ്ങൾ എന്നിവ പ്രദർശിപ്പിച്ചിരിക്കുന്നു. അതോടൊപ്പം ദന്തനിർമ്മിത ശില്പങ്ങളും കൊത്തുപണികളും പ്രദർശനത്തിലുണ്ട്.

# കൃഷ്ണമേനോൻ മ്യൂസിയവും ആർട്ട് ഗ്യാലറിയും കോഴിക്കോട്.

ആസ്ഥാനവും എത്തിച്ചേരാനുള്ള വഴിയും

- കോഴിക്കോട് ഈസ്റ്റ്ഹിൽ എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു.
- ബസ്സ്റ്റാന്റിൽനിന്ന് 5 കി.മീ.
- റെയിൽവേസ്റ്റേഷനിൽനിന്ന് 6 കി.മീ.
- ഓട്ടോറിക്ഷയും ടാക്സിയും ലഭ്യമാണ്.

## പ്രവേശന സമയം - രാവിലെ 10 മണിമുതൽ വൈകിട്ട് 5 വരെ തിങ്കളാഴ്ച അവധിദിവസം

## പ്രവേശനനിരക്ക്

| | |
|---|---|
| 12 വയസ്സിന് മുകളിൽ | 2 രൂപ |
| 5 വയസ്സിനും 12 വയസ്സിനും മദ്ധ്യേ | 1 രൂപ |
| ഫാമിലി - അച്ഛൻ, അമ്മ, 2 കുട്ടികൾ വിദ്യാർത്ഥികൾ | 4 രൂപ |
| 35 വിദ്യാർത്ഥികളും, 2 അദ്ധ്യാപകരും | 50 രൂപ |

## നിങ്ങൾ എന്താണ് ഞങ്ങളിൽ നിന്നും പ്രതിക്ഷിക്കുന്നത്

1. കൃത്യവും ഗുണകരവും ആതിഥ്യമര്യാദയോടും കൂടിയഞങ്ങളുടെ സേവനം ഞങ്ങളെബന്ധപ്പെടുന്നവർക്കായി നൽകാൻ ഞങ്ങൾക്ക് ബാദ്ധ്യതയുണ്ട്.
2. നന്നായും പക്ഷപാതരഹിതമായും
3. മൂല്യാധിഷ്ഠതവും തൊഴിൽ പരമായതും
4. പൊതു ജനങ്ങളുടെ ആവശ്യം അനുസരിച്ചുള്ള ശ്രദ്ധാപൂർവ്വമായ പെരുമാറ്റം

## ഞങ്ങൾ നിങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്.

1. ഈ പരിസരത്തുള്ള സഹജീവികളോടും ഉദ്യാഗസ്ഥരോടും സൗഹൃദപരമായിരിക്കുക.
2. സമയലാഭത്തിനായി നിർദ്ദേശ സൂചികകൾ പിന്തുടരുക
3. അജൈവ പദാർത്ഥങ്ങൾ നിരോധിച്ചിട്ടുള്ളത് കൊണ്ടുവരാതിരിക്കുക.
4. മലിന പദാർത്ഥങ്ങൾ നിക്ഷേപിക്കുന്നതിന് അതിനായുള്ള പെട്ടികൾ ഉപയോഗിക്കുക.
5. പരിസരം ശുചിയായും വൃത്തിയായുമിരിക്കുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങളെ സഹായിക്കുക.

### പൊതു ജനങ്ങൾക്ക്/സന്ദർശകർക്ക് മ്യൂസിയം മൃഗശാലയുമായി ബന്ധപ്പെട്ടകാര്യങ്ങൾക്ക് താഴെകൊടുത്തിരിയ്ക്കുന്ന ഓഫീസർമാരുടെ സേവനം ലഭിയ്ക്കുന്നതാണ്.

ശ്രീ. കെ. സദാശിവൻപിള്ള
കൃൂറേറ്റർ,
മൃഗശാലാ,
മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം

ശ്രീ. രാജഗോപാലൻ
കൃൂറേറ്റർ,
ബോട്ടാണിക്കൽ ഗാർഡൻ,
മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. പി. വിജയകുമാരിഅമ്മ,
സൂപ്രണ്ട്,
ശ്രീചിത്ര ആർട്ട് ഗ്യാലറി,
മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം

ശ്രീ. എസ് അബു
സൂപ്രണ്ട്,
എൻ.എച്ച് മ്യൂസിയം,
മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. പി.എസ്. മഞ്ജുളാദേവി,
ക്യൂറേറ്റർ,
ആർട്ട് മ്യൂസിയം,
മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം

ശ്രീ. കെ. ജയൻ,
സൂപ്രണ്ട്,
സംസ്ഥാന മ്യൂസിയവും മൃഗശാലയും തൃശ്ശൂർ
തൃശ്ശൂർ.

ശ്രീ. കെ. ഗംഗാധരൻ,
എഡ്യൂകേഷണൽ ഓഫീസർ,
സംസ്ഥാന മ്യൂസിയവും മൃഗശാലയും തൃശ്ശൂർ
തൃശ്ശൂർ

ശ്രീ. വി. രാജേഷ്,
ക്യൂറെറ്റർ,
കൃഷ്ണമേനോൻ മ്യൂസിയവും ആർട്ട് ഗ്യാലറിയും, കോഴിക്കോട്.

ശ്രീമതി. പി. വിജയകുമാരിഅമ്മ

ഡയറക്ടർ (ഫുൾ അഡിഷണൽ ചാർജ്ജ്)
മ്യൂസിയം മൃഗശാല വകുപ്പ്, തിരുവനന്തപുരം

ഡോ. വി. വേണു.
സെക്രട്ടറി,
സാംസ്കാരിക കാര്യ വകുപ്പ്,
സെക്രട്ടറിയറ്റ്, തിരുവനന്തപുരം.